ഉത്തരം

(എ) സ്വർണ്ണജയന്തി ഷഹാരി റോസ്ഗാർ യോജന (SJSRY) സംയോജിത ഭവന നിർമ്മാണ ചേരിവികസന പദ്ധതി (IHSDP) എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളാണ് നിലവിൽ നടപ്പിലാക്കി വരുന്നത്. കൂടാതെ MSDP പദ്ധതിയിൽ ഉൾപ്പെടുത്തി സ്ലം അടിസ്ഥാന സൗകര്യ വികസനത്തിനായി 2.49 കോടി രൂപ കേന്ദ്രം അനുവദിച്ചിട്ടുണ്ട്.

(ബി&സി) ഇല്ല.

(ഡി) ബാധകമല്ല.

ഉറവിട മാലിന്യ സംസ്കരണ പദ്ധതി

122(1558) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജൈവ ജീർണ്ണനം നടക്കുന്ന മാലിന്യങ്ങൾ ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനായി പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ;

(ബി) സംസ്ഥാനത്ത് നഗരസഭകൾക്ക് ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് അനുമതിയും സാമ്പത്തിക സഹായവും ലഭ്യമാക്കിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം നഗരസഭകൾക്ക് സാമ്പത്തിക സഹായം നൽകിയെന്നത് വിശദമാക്കാമോ ;

(സി) സംസ്ഥാനത്തെ പല തദ്ദേശസ്ഥാപനങ്ങളിലും പൊതു മാലിന്യ സംസ്കരണ പ്ലാന്റുകൾ പ്രവർത്തിപ്പിക്കാൻ പറ്റാതെ വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് ?

ഉത്തരം

(എ) 1. പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിലേക്കായി പരിസ്ഥിതി ദിനമായ ജൂൺ 5 മുതൽ ഒരു ക്യാമ്പയിൻ ശുചിത്വമിഷൻ മുഖേന നടപ്പിലാക്കി വരുന്നു.

2. 13 സംഘടനകളെ കണ്ടെത്തി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും ഒരു വർക്ഷോപ്പ് നടത്തി പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

3. മാലിന്യം കൈകാര്യം ചെയ്യുന്നതിലേക്കായി ഓരോ ജില്ലയിലും 3 റിസോഴ്സ്പേഴ്സണെ കണ്ടെത്തി പരിശീലനം നൽകിയിട്ടുണ്ട്.

4. ഉറവിടത്തിൽ തന്നെ മാലിന്യ സംസ്കരണം നടത്തുന്നതിന് വേണ്ടിയും അജൈവ മാലിന്യങ്ങൾ പുനഃചംക്രമണം നടത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിനും തായ്ക്കോണ്ടോ അസോസിയേഷൻ മുഖേന നടപ്പിലാക്കുന്ന 'Dare to Clean Challenge' എന്ന പദ്ധതിക്ക് സാങ്കേതിക സഹായം നൽകിയിട്ടുണ്ട്. ഈ പരിപാടിയിൽ മുഴുവൻ സിനിമാതാരങ്ങളും സിനിമാ വ്യവസായവും നല്ല രീതിയിൽ യോജിച്ച് പ്രവർത്തിച്ചു വരുന്നു. ആയതിനുവേണ്ടി പ്രതിഫലം കൂടാതെ പ്രമുഖ സിനിമാ താരങ്ങൾ പരസ്യങ്ങളിൽ അഭിനയിക്കുകയും ചെയ്തിരുന്നു.

5. ഡിസംബർ 4-ന് സമൂഹത്തിലെ വിവിധ തരത്തിലുള്ള ആളുകളെ ഉൾപ്പെടുത്തി അഭിപ്രായ സമന്വയരൂപീകരണത്തിനും സന്നദ്ധ പ്രവർത്തനത്തിനുമുള്ള സഹകരണം ഉറപ്പിക്കുന്നതിനുള്ള നടപടി കൈക്കൊള്ളാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് പത്തനംതിട്ട ഒഴികെയുള്ള മുഴുവൻ നഗരസഭകൾക്കും ഉറവിട മാലിന്യ സംസ്കരണ പദ്ധതി നടപ്പിലാക്കുന്നതിന് ഒന്നാംഘട്ട സാങ്കേതികാനുമതിയും അർഹമായ സർക്കാർ സാമ്പത്തിക സഹായവും അനുവദിച്ചു നൽകിയിട്ടുണ്ട്.

(സി) ഉണ്ട്. ജൈവമാലിന്യങ്ങൾ സംസ്കരിക്കുന്നതിനാണ് കേന്ദ്രീകൃത പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് ഇതുവരെ പദ്ധതി രൂപീകരിച്ച് നടപ്പാക്കി വന്നിരുന്നത്. എന്നാൽ മാലിന്യങ്ങൾ ഉറവിടത്തിൽ തരംതിരിക്കാത്തതുമൂലം കേന്ദ്രീകൃത പ്ലാന്റുകളിലെത്തുന്ന മാലിന്യം ശരിയായ രീതിയിൽ സംസ്കരിക്കാൻ കഴിയാതെ വരുന്നു. ഈ പ്രശ്നങ്ങൾ മുൻനിർത്തി ജൈവ മാലിന്യങ്ങൾ വേർതിരിച്ച് ഉറവിടത്തിൽ തന്നെ സംസ്കരിക്കുന്നതിനും പ്രാമുഖ്യം നൽകി വരുന്നു. അജൈവ മാലിന്യങ്ങൾ വൃത്തിയാക്കി സെൻട്രലൈസ്ഡ് സംവിധാനത്തിൽ കൊണ്ടുവരികയും ആയത് തരംതിരിച്ച് റീസൈക്ലേഴ്സിന് നൽകുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത്തരത്തിൽ വൃത്തിയാക്കിയ അജൈവമാലിന്യങ്ങൾ കേന്ദ്രീകൃത സംവിധാനത്തിൽ എത്തുന്നതുമൂലം കീടങ്ങളും ദുർഗന്ധവും ഒഴിവാക്കാൻ കഴിയും.

LIBRARY ARCHIVES Kerala Legislative Assembly